"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - ശ്രീമതി.ഷീബ ടി.എസ്., ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-II, ജനറൽ ആശുപത്രി, എറണാകുളം - ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1728/2025/H&FWD തീയതി,തിരുവനന്തപുരം, 23-06-2025

---

പരാമർശം:-

1. ശ്രീമതി. ഷീബ ടി.എസ്. സമർപ്പിച്ച 19.07.2023 തീയതിയിലെ അവധി അപേക്ഷ.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 02.03.2025 തീയതിയിലെ ഡിഎച്ച്എസ്/27429/2024-ഇഎഫ്3 നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജനറൽ ആശുപത്രിയിലെ ആശുപത്രിയിൽ അറ്റൻഡന്റ് ഗ്രേഡ്-II ആയ ശ്രീമതി.ഷീബ ടി.എസ്. 26.06.2023 മുതൽ 04.07.2023 വരെ 9 ദിവസങ്ങളിലേക്ക് ആർജ്ജിതാവധിക്കും 05.07.2023 മുതൽ 31.07.2024 വരെ 393 ദിവസങ്ങളിലേക്ക് ശൂന്യവേതനാവധിക്കും മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പിൻബലത്തിൽ സമർപ്പിച്ച അപേക്ഷ പരാമർശം (2) കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു. അവധിയ്ക്കുശേഷം മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കി ടിയാൾ 01.08.2024 പൂർവ്വാഹ്നത്തിൽ ജോലിയിൽ തിരികെ പ്രവേശിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജനറൽ ആശുപത്രിയിലെ ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-II, ശ്രീമതി.ഷീബ ടി.എസ്. സമർപ്പിച്ചിരിക്കുന്ന അവധി അപേക്ഷകളിൽ 05.07.2023 മുതൽ 30.04.2024 വരെയുള്ള കാലയളവിലേയ്ക്ക് ചട്ടപ്രകാരമല്ലാത്ത മെഡിക്കൽ സർട്ടിഫിക്കറ്റാണ് സമർപ്പിച്ചിരിക്കുന്നത് എങ്കിലും, മെഡിക്കൽ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന ടിയാളുടെ രോഗവിവരത്തിന്റെ (underwent amputation) അടിസ്ഥാനത്തിൽ മാനുഷിക പരിഗണന നൽകി, ടിയാൾക്ക് 05.07.2023 മുതൽ 31.07.2024 വരെയുള്ള മുഴുവൻ കാലയളവിലും മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ ആനുകൂല്യം നൽകി, ടി കാലയളവ് ആർജ്ജിത അവധിക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ, കെ.എസ്.ആർ. ഭാഗം-1, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജി സി എൻ
അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ, എറണാകുളം.
സൂപ്രണ്ട്, ജനറൽ ആശുപത്രി, എറണാകുളം.
ശ്രീമതി. ഷീബ ടി.എസ്, ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-II, ജനറൽ ആശുപത്രി, എറണാകുളം (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (06.06.2025 തീയതിയിലെ E3133002/HLT-B3/302/2025-FIN നമ്പർ അഭിപ്രായക്കുറിപ്പ് പ്രകാരം).
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്).
കരുതൽ ശേഖരം/ ഓഫീസ് കോപ്പി (F2/64/2025-HEALTH ഫയലിലേയ്ക്ക്).

ഉത്തരവിൻ പ്രകാരം

Signed by
Vilasini K V
സെക്ഷൻ ഓഫീസർ
Date: 23-06-2025 12:53:29